"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ. ബി- യെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.210/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. സ.ഉ (പി) 501/2005/ഫിൻ തീയതി 25.11.2005
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.12.2015 ലെ OA 2113/2015 നമ്പർ കേസിന്മേലുള്ള ഉത്തരവ്
3. സ.ഉ (സാധാ) 3476/2016/തസ്വഭവ തീയതി 21.12.2016
4. 24.05.2018 ലെ ഇപിഎ2/11/2017/തസ്വഭവ നമ്പർ കത്ത്
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.09.2021 ലെ OA 1525/2018 നമ്പർ കേസിന്മേലുള്ള ഉത്തരവ്
6. ബഹു. കേരള ഹൈക്കോടതിയുടെ 18.01.2023 ലെ O.P.(KAT)No. 72/2022 നം. വിധിന്യായം.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയി ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ ബി യെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ നിരസിച്ചതിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 2113/2015 നമ്പർ കേസിന്മേലുള്ള പരാമർശം (2) ഉത്തരവ് പ്രകാരം ഹർജികക്ഷിയുടെ അനക്ഷർ എ17 പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, 1998-ൽ ട്രാക്ടർ ഡ്രൈവർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. സുരേഷ് കുമാർ ബി. 2002 മുതൽ മാർക്കറ്റ് സ്വീപ്പർ തസ്തികയിലാണ് നിയമിക്കപ്പെട്ടിട്ടുള്ളതെന്നും, പരാമർശം (1) ഉത്തരവ് പ്രകാരം മാർക്കറ്റ് എന്നത് 'ഓഫീസ്' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല എന്നതിനാലും ശ്രീ. സുരേഷ് കുമാർ ബി-യെ പാർട്ട് ടൈം തസ്തികയിൽ സ്ഥിരപ്പെടുത്തുന്ന വിഷയം പരിഗണനാർഹമല്ലെന്ന് കണ്ട് ടിയാന്റെ അപേക്ഷ നിരസിച്ച് പരാമർശം (3)

പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. സുരേഷ് കുമാർ ബി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(1525)/2023 കേസിന്മേലുള്ള പരാമർശം (5) ഉത്തരവ് പ്രകാരം ശ്രീ. സുരേഷ് കുമാർ ബി. സ്ഥിരപ്പെടുത്തലിന് അർഹനാണ് എന്നതിനാൽ ടിയാളുടെ അപേക്ഷ നിരസിച്ച അനക്ഷർ 11, 17 ഉത്തരവുകൾ റദ്ദ് ചെയ്യുകയും ടിയാനെ 01.09.2002 തീയതി പ്രബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്നും ഉത്തരവായിരുന്നു. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് മാറ്റമില്ലാത്തതിനാൽ പരാമർശം (5) വിധിന്യായത്തിനെതിരെ സർക്കാർ OP(KAT) 72/2023 ഫയൽ ചെയ്യുകയുണ്ടായി. OP(KAT) 72/2023 ന്മേലുള്ള പരാമർശം (6) വിധിന്യായം പ്രകാരം പരാമർശം (5) പ്രകാരമുള്ള കോടതി വിധി ഭാഗികമായി റദ്ദ് ചെയ്യുകയും അപേക്ഷകൻ സ്ഥിരപ്പെടുത്തൽ ആനുകൂല്യത്തിന് അർഹനാണ് എന്നതിനാൽ ടിയാനെ 15.7.2015 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും ബഹു. കേരള ഹൈക്കോടതി ഉത്തരവായിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5), (6) പ്രകാരമുള്ള കോടതി ഉത്തരവുകൾ പാലിക്കുന്നതിനായി കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ശ്രീ. സുരേഷ് കുമാർ. ബി- യെ ടി ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 15.07.2015 തീയതി പ്രാബല്യത്തിൽ ക്രമപ്പെടുത്തുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (5), (6) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹു. കേരളാ ഹൈക്കോടതിയുടെയും ഉത്തരവുകൾ ഇപ്രകാരം പാലിച്ചിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീ. സുരേഷ് കുമാർ ബി, പാർട്ട് ടൈം സ്വീപ്പർ, വിളക്കുടി ഗ്രാമപഞ്ചായത്ത്, കൊല്ലം

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം ജില്ല.

സെക്രട്ടറി, വിളകുടി ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ

പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/174/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 04-12-2023 12:19:34
സെക്ഷൻ ഓഫീസർ